# കള്ളുചെത്ത് വ്യവസായവും നീര ഉൽപ്പാദനവും

**കെ എം സുധാകരൻ**

സംസ്ഥാനത്തെ കള്ളുവ്യവസായരംഗത്തെ പ്രതിസന്ധിക്ക് പരിഹാരം നിർദേശിക്കാനും നീര ഉൽപ്പാദനം സംബന്ധിച്ച് പ്രായോഗിക നിർദേശം സമർപ്പിക്കുന്നതിനും എക്സൈസ് കമീഷണർ ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ചർച്ചയ്ക്കുവേണ്ടി ഒരു കത്ത് അതിലെ അംഗമായ ഈ ലേഖകൻ നൽകിയിരുന്നു. അതിൽ നിർദേശിച്ചത് പരമ്പരാഗതവും തൊഴിലധിഷ്ഠിതവുമായ കള്ളുചെത്തു വ്യവസായത്തെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്നതാണ്. അതിനുള്ള നിർദേശങ്ങളാണ് പ്രതീക്ഷിക്കുന്നതെന്നും അതുണ്ടാകണമെന്ന് അഭ്യർഥിക്കുന്നതായും കത്തിൽ പറഞ്ഞു.

പ്രസ്തുത കത്തിൽ ആദ്യമായി ആവശ്യപ്പെടുന്നത് ഉദയഭാനു, ഡോ. വേണു, ഡോ. ലളിതാംബിക എന്നീ കമീഷനുകളുടെ റിപ്പോർട്ടുകളിലെ നിർദേശങ്ങളിൽ കാലോചിതമായത് നടപ്പാക്കാൻ ശുപാർശചെയ്തുള്ള തീരുമാനം ഉണ്ടാകണമെന്നാണ്. രണ്ടാമത്തെ നിർദേശം ഈ രംഗത്തുനിന്ന് സ്വകാര്യവ്യക്തികളെ ഒഴിവാക്കി റെയ്ഞ്ച് അടിസ്ഥാനത്തിൽ സഹകരണസംഘങ്ങളെ വ്യവസായം ഏൽപ്പിക്കണമെന്നാണ്. ഈ സഹകരണ സംഘങ്ങളുടെ ഒരു സ്റ്റേറ്റ് സഹകരണ സംഘവും രൂപീകരിക്കണം. ഇതിന് എല്ലാവർക്കും സ്വീകാര്യമായ വ്യവസ്ഥകൾ ചർച്ചയിൽക്കൂടി തീരുമാനിക്കാം. ഇതല്ലെങ്കിൽ സ്വീകാര്യമായ മറ്റൊരു രൂപം കണ്ടെത്തണം. എന്തായാലും സ്വകാര്യവ്യക്തികൾ ഷാപ്പ് നടത്തിപ്പിൽ ഉണ്ടാകാൻ പാടില്ലെന്നാണ് ഉറച്ച അഭിപ്രായം.

മൂന്നാമതായി, സർക്കാർ ഈ വ്യവസായത്തിൽനിന്ന് തൽക്കാലം വരുമാനം പ്രതീക്ഷിക്കരുത്. വ്യവസായത്തെ ബാധിച്ചിട്ടുള്ള പ്രധാന പ്രശ്നം തെങ്ങുരോഗവും കള്ളുൽപ്പാദന കുറവുമാണ്. ഇതിനു പരിഹാരം കാണാതെ കള്ളുവ്യവസായത്തിന് നിലനിൽപ്പില്ല. ഇക്കാര്യത്തിൽ ഇതുവരെ നടത്തിയ പരീക്ഷണമെല്ലാം പരാജയപ്പെട്ടു. നിലവിലുള്ള വൃക്ഷങ്ങളെ ബാധിച്ച രോഗം എന്തുകൊണ്ടെന്നു കണ്ടുപിടിച്ച് രോഗവിമുക്തമാക്കുന്നതിന് അടിയന്തര നടപടി ഉണ്ടാകണം. കൂടാതെ രോഗപ്രതിരോധശേഷിയും അത്യുൽപ്പാദനശേഷിയുമുള്ള വൃക്ഷം വ്യാപകമായി തോട്ടം അടിസ്ഥാനത്തിലും മറ്റും വച്ചുപിടിപ്പിക്കണം. അതിനുള്ള പദ്ധതി ആവിഷ്കരിക്കണം. അതിനായി നാളികേര വികസനബോർഡും മറ്റു സർക്കാർ ഏജൻസികളും ചേർന്ന് ഒരു സംവിധാനത്തിന് രൂപം നൽകണം.

അത്യുൽപ്പാദനശേഷിയുള്ള വൃക്ഷം കള്ളുൽപ്പാദനത്തിനു ലഭിച്ചാൽ ഒരു തൊഴിലാളിക്ക് 30 വൃക്ഷംവരെ ചെത്താൻ കഴിയും. സ്വാഭാവികമായും തൊഴിലാളിയുടെ വരുമാനം ഇന്നത്തേക്കാൾ മൂന്നോ നാലോ ഇരട്ടി വർധിക്കും. തൽഫലമായി ഈ രംഗത്തേക്ക് കൂടുതൽ തൊഴിലാളികൾ കടന്നുവരും. മാത്രമല്ല, ഉൽപ്പാദനച്ചെലവ് കുറയുന്നതുകൊണ്ട് കുറഞ്ഞ വിലയ്ക്ക് കള്ളുൽപ്പാദിപ്പിച്ച് വിൽക്കാൻ കഴിയും. ഇത് വ്യവസായത്തിന് അഭിവൃദ്ധിയുണ്ടാക്കും. സ്വാഭാവികമായും കേരകൃഷിക്കാർക്ക് ഇന്നത്തേക്കാൾ ഉയർന്ന പാട്ടം ലഭിക്കും.

പന ചെത്തുന്ന പ്രദേശങ്ങളിൽ പുതുതായി പന വളർന്നുവരാത്തതും ഉള്ളത് നശിപ്പിക്കുന്നതുമൂലവുമുള്ള പ്രശ്നം വ്യവസായത്തെയും തൊഴിലാളികളെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതിനു പരിഹാരം കാണണം. ഇതിനുവേണ്ടി റോഡ്– കനാൽ പുറമ്പോക്കുകളിലും റവന്യൂഭൂമികളിലും മറ്റും കരിമ്പനയും ചൂണ്ടപ്പനയും വച്ചുപിടിപ്പിക്കാൻ ബന്ധപ്പെട്ട ഏജൻസികൾക്ക് സർക്കാർ നിർദേശം നൽകണം. ഇതു നടപ്പാക്കാൻ എക്സൈസ് വകുപ്പിനെ ചുമതലപ്പെടുത്തി പ്രത്യേക സെല്ലുതന്നെ അതിന്റെ മേൽനോട്ടത്തിന് ഏർപ്പെടുത്തണം.

ഈ നിർദേശങ്ങൾ നടപ്പാക്കി കള്ളുചെത്തു വ്യവസായത്തിന്റെ വികസനത്തിന്റെയും നവീകരണത്തിന്റെയും ഭാഗമായല്ലാതെ നീര ഉൽപ്പാദനത്തിന് അനുവാദം നൽകിയാൽ അത് ഈ വ്യവസായത്തിന്റെ നാശത്തിനേ ഉപകരിക്കൂ. മാത്രമല്ല, മേൽപ്പറഞ്ഞ നിലയ്ക്കല്ലാതെ നീര ഉൽപ്പാദിപ്പിച്ച് വിൽപ്പന പ്രായോഗികമല്ല. മദ്യനിരോധനവാദികളാണ് നീര ഉൽപ്പാദനത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. ഇവർ വർഷങ്ങൾക്കുമുമ്പ് കേരളത്തിൽ മദ്യനിരോധനത്തിനുവേണ്ടി പ്രക്ഷോഭം ആരംഭിച്ചിരുന്നു. നിരോധനംമൂലം തൊഴിൽ നഷ്ടപ്പെടുന്ന ആയിരക്കണക്കിനു തൊഴിലാളികൾക്കു പകരം എന്തുതൊഴിൽ നൽകുമെന്ന ചോദ്യം ഉയർന്നുവന്നപ്പോൾ, മധുരക്കള്ള് ഉൽപ്പാദിപ്പിക്കാൻ അനുവാദം നൽകണം എന്നായിരുന്നു ഇവരുടെ മറുപടി. ഇപ്പോൾ മധുരക്കള്ള് പേരുമാറ്റി നീരയാക്കിയെന്നുമാത്രം. നീര ഉൽപ്പാദനവാദത്തിന്റെ പിന്നിൽ മദ്യനിരോധനവാദികൾ മാത്രമല്ല, വിദേശമദ്യ കമ്പനികളുടെ ഏജന്റുമാർ, ചില മതസംഘടനകൾ മുതലായവരും ഉണ്ട്. ഇവരുടെ ഉദ്ദേശ്യലക്ഷ്യം കള്ളിന്റെ ഉപയോക്താക്കളെ വിദേശമദ്യത്തിലേക്ക് ആകർഷിക്കലാണ്. ഫലത്തിൽ കള്ളിന്റെ മാർക്കറ്റ് പിടിക്കലാണ്.

ഇപ്പോൾ തന്ത്രപൂർവം നാളികേര കൃഷിക്കാരുടെ പേരിലാണ് നീര ഉൽപ്പാദനാശയം പ്രചരിപ്പിക്കുന്നത്. കൂടുതൽ വരുമാനം ലഭിക്കാനുള്ള മാർഗം എന്ന നിലയിൽ കൃഷിക്കാരെ സ്വാധീനിക്കാവുന്ന ആശയമാണിത്. കാർഷികരംഗത്തെ ചിലർ സ്വാഭാവികമായും ഈ ആവശ്യം ഉയർത്തുന്നുണ്ട്. എന്തുകൊണ്ട് തന്റെ ഭൂമിയിലെ തെങ്ങിൽനിന്ന് തനിക്ക് നീര ഉൽപ്പാദിപ്പിക്കാൻ അനുവാദം നൽകുന്നില്ല എന്നാണ് ചോദ്യം? നീര ഉൽപ്പാദനം എക്സൈസ് നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യവും ഉന്നയിക്കുന്നു.

മേൽപ്പറഞ്ഞ രണ്ടു വാദവും പ്രായോഗികമല്ല. വസ്തുതകൾ പരിശോധിക്കാതെയുള്ള വാദമാണിത്. ഒന്നാമത്തെ കാര്യം സ്വന്തം ഭൂമിയിലെ തെങ്ങിൽനിന്ന് നീര ഉൽപ്പാദിപ്പിക്കാൻ അനുവാദം നൽകിയാൽ വൃക്ഷ ഉടമയ്ക്ക് അത് സ്വയം കഴിയുമോ? കഴിയില്ലല്ലോ. അപ്പോൾ ഉൽപ്പാദനത്തിന് തൊഴിലാളിയെ നിയോഗിക്കണം. അങ്ങനെ നിയോഗിക്കുന്ന തൊഴിലാളിക്ക് ആകർഷണീയമായ വേതനം നൽകേണ്ടിവരും. അതിനു കഴിയുമോ? ഒരു വൃക്ഷത്തിൽനിന്നും എത്ര ലിറ്റർ മധുരക്കള്ള് ഉൽപ്പാദിപ്പിക്കാൻ കഴിയും, ലിറ്ററിന് എന്തു വിലയ്ക്ക് വിൽക്കാൻ കഴിയും? ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം കിട്ടിയശേഷമേ ഇതു ലാഭകരമാകുമോ എന്ന് തീരുമാനിക്കാൻ കഴിയൂ. പിന്നെയും ഉത്തരം കിട്ടേണ്ട ചോദ്യം, ഉൽപ്പന്നം ദിവസവും വിറ്റഴിക്കാൻ കഴിയുമോ എന്നതാണ്.

ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരം കാണാതെയാണ് നീര ഉൽപ്പാദനവാദം ഉയർത്തുന്നത്. തെങ്ങിൽനിന്ന് ചെത്തി ഇറക്കുന്ന മധുരക്കള്ള് സംസ്കരിച്ചശേഷമാണ് നീരയാക്കുന്നത്. അത് മാർക്കറ്റിൽ വിൽപ്പനയ്ക്ക് ബോട്ടിലു ചെയ്തുവേണം കൊടുക്കാൻ. അപ്പോഴിത് ഒരു സംഘടിതവ്യവസായമായി വേണം നടത്താൻ. ഇതിന് നല്ല മൂലധനം മുടക്കണം. മാർക്കറ്റ് പിടിക്കാൻ സമയം എടുക്കും. മാർക്കറ്റ് പിടിക്കാൻ നല്ല പ്രചാരണം വേണ്ടിവരും. മാർക്കറ്റ് ലഭിക്കുന്നതുവരെയുള്ള കാലയളവിലുണ്ടാകുന്ന നഷ്ടം സഹിച്ചു പ്രവർത്തിക്കാനുള്ള സാമ്പത്തിക ശേഷിയുള്ള സ്ഥാപനങ്ങൾ ഉണ്ടാകണം.

ഇതിനുവേണ്ടിയുള്ള സ്ഥാപനങ്ങൾ പൊതുഉടമയിൽ ആയിരിക്കേണ്ടതുമുണ്ട്. മധുരക്കള്ളിന്റെ ഉൽപ്പാദനം എക്സൈസ് നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കണമെന്ന വാദം ഒരു കാരണവശാലും അംഗീകരിക്കാൻ പാടില്ല. കാരണം, ഇത് മലബാറിൽ പരീക്ഷിച്ച് പരാജയപ്പെട്ടതാണ്. മേൽപ്പറഞ്ഞ വാദം അംഗീകരിച്ചാൽ കള്ളുവ്യവസായത്തിന്റെ നാശവും, തികഞ്ഞ അരാജകത്വവുമാകും സംഭവിക്കുക. തെങ്ങിൽനിന്ന് നീരമാത്രമല്ല, തെങ്ങിൽനിന്നും പനയിൽനിന്നും മറ്റുപല ഉൽപ്പന്നങ്ങളും ഉണ്ടാക്കി വിപണിയിൽ ഇറക്കാൻ കഴിയും. മധുരക്കള്ളിനുള്ള ഗുണങ്ങൾ എന്തൊക്കെയാണെന്ന് അറിയാം. തൊഴിലാളി സംഘടനകൾക്ക് ഇത് പുതിയ അറിവല്ല. ഇതെല്ലാം സംബന്ധിച്ച് തൊഴിലാളി സംഘടനകൾ കാണുന്നത് കള്ളുചെത്തു വ്യവസായത്തിന്റെ വികസനത്തിന്റെയും നവീകരണത്തിന്റെയും ഭാഗമായാണ്. അല്ലാതെ ഒറ്റപ്പെട്ട നിലയിലല്ല.

കേരളത്തിലെ നാളികേര കൃഷിക്കാരെ ബാധിച്ചത് രണ്ടു കാര്യങ്ങളാണ്. ഒന്ന്, നാളികേരത്തിന്റെ വിലയിടിവ്. രണ്ട്, തെങ്ങിനെ ബാധിച്ച മാരകമായ രോഗം. വിലയിടിവിന് കേന്ദ്രസർക്കാരിന്റെ സാമ്പത്തികനയമാണ് കാരണം. ആ നയം മാറ്റാതെ വിലയിടിവിന് പരിഹാരമാകില്ല.